# മധുരമായ കുട്ടികളേ - ഗൃഹസ്ഥ വ്യഹാരത്തിൽ കഴിഞ്ഞുകൊണ്ടും അദ്ഭുതം ചെയ്ത് കാണിക്കണം, ശ്രേഷ്ഠാചാരീ ദേവതയാകുന്നതിന്റേയും ആക്കുന്നതിന്റേയും സേവനം ചെയ്യണം

**ചോദ്യം:–** രാജധാനിയുടെ സമ്പത്തിന്റെ അധികാരം ഏത് കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്?
**ഉത്തരം:–** ആരാണോ ബാബയുടെ സമീപ സംബന്ധത്തിലേക്ക് വരുന്നത്, തന്റെ സ്വഭാവത്തിന്റെയും സമ്പാദ്യത്തിന്റെയും പരിപൂർണ്ണമായ വിവരം ബാബയ്ക്ക് നൽകുന്നത്. ഇത്തരം ഒന്നാനമ്മയുടെ മക്കൾ തന്നെയാണ് രാജധാനിയുടെ സമ്പത്തിന്റെ അധികാരം പ്രാപ്തമാക്കുന്നത്. ആരാണോ ബാബയുടെ മുന്നിലേക്കേ വരാത്തത്, തന്റെ വാർത്തകൾ കേൾപ്പിക്കുയും ചെയ്യാത്തത്, അവർക്ക് രാജധാനിയുടെ സമ്പത്ത് ലഭിക്കുകയില്ല. അവർ രണ്ടാനമ്മയുടെ മക്കളാണ്. ബാബ പറയുന്നു കുട്ടികളേ തന്റെ പരിപൂർണ്ണമായ വാർത്ത നൽകൂ അപ്പോൾ ഇവർ എന്ത് സേവനമാണ് ചെയ്തു കൊണ്ടിരിക്കുന്നതെന്ന് ബാബ മനസ്സിലാക്കും. ബാബ കുട്ടികളെക്കൊണ്ട് ഓരോ അവസ്ഥയിലും ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യിക്കുന്നത്.

**ഗീതം:–** എന്റെ മനസ്സിന്റെ വാതിൽക്കൽ ആരാണ് വന്നത്......

**ഓം ശാന്തി.** കുട്ടികൾക്കറിയാം പരംപിതാ പരമാത്മാ ശിവനുമായി നമുക്ക് എന്ത് സംബന്ധമാണുള്ളത്? പരംപിതാവെന്ന് എപ്പോഴും പറയാറുണ്ട്. പതിത–പാവനനെന്ന ശബ്ദവും ചേർക്കൂ. പതിത–പാവനൻ പരംപിതാ പരമാത്മാ ശിവനുമായി നമുക്ക് പിതാവിന്റെ സംബന്ധമാണുള്ളതെന്ന് ഉള്ളിലുണ്ട്. ബാബ പറയുന്നു ഞാൻ കുട്ടികളുടെ മുന്നിൽ പ്രത്യക്ഷമാകുന്നു. ബാബ കുട്ടികളോട് മാത്രമാണ് ആത്മീയ സംഭാഷണം നടത്തുന്നത്, കൂടിക്കാഴ്ച നടത്തുന്നത്. എന്ത് കാര്യമാണോ നിങ്ങൾക്ക് മനസ്സിലാക്കി തന്നത് അത് പിന്നീട് മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. ഇപ്പോൾ നിങ്ങൾക്ക് ജഗദംബയെയും ജഗത് പിതാവിനെയും അറിയാം. ശിവനെ ജഗത് പിതാവെന്ന് പറയില്ല എന്തുകൊണ്ടെന്നാൽ ജഗത്തിലുള്ളത് പ്രജകളാണ് അതുകൊണ്ടാണ് പ്രജാപിതാ ബ്രഹ്മാവെന്നും ജഗദംബയെന്നും പറയുന്നത്. മുഴുവൻ ലോകത്തിന്റെയും മാതാവാണ്. ഇതിലൂടെ അവർ രചയിതാവാണെന്നത് വ്യക്തമാണ്. ഈ അറിവും ഉണ്ടായിരിക്കണം. മനുഷ്യരെല്ലാവരും പരമാത്മാവിനെ ഓർമ്മിക്കുന്നുണ്ട്, എന്നാൽ അറിയുന്നില്ല. നിങ്ങൾക്കിപ്പോൾ പരംപിതാ പരമാത്മാവിനെയും, ജഗദംബയെയും, പ്രജാപിതാ ബ്രഹ്മാവിനെയും അറിയാം. വന്ന് അവരുടെ സന്താനങ്ങളുമായിരിക്കുന്നു. ലൗകിക മാതാ–പിതാവ് എവല്ലാവർക്കുമുണ്ട്. അവരെ ജഗദംബയെന്നോ ജഗത് പിതാവെന്നോ പറയില്ല. ജഗദംബയും ജഗത് പിതാവും ജീവിച്ചിരുന്നവരാണ്. ഈ സമയം വീണ്ടും നിങ്ങൾ വന്ന് അവരുടേതായിരിക്കുന്നു ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം നമ്മളിപ്പോൾ ബാബയിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്. ബാബയാണ് സ്വർഗ്ഗ സ്ഥാപകൻ, അതിലായിരുന്നു ലക്ഷ്മീ നാരായണന്റെ രാജ്യം. നിങ്ങൾക്കും ചക്രവർത്തീ പദവി ലഭിച്ചിരുന്നു. ഇപ്പോൾ വീണ്ടും നിങ്ങൾ നേടിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾക്ക് ചോദിക്കണം പരംപിതാ പരമാത്മാവിനെ അറിയുമോ. ഈ കാര്യം മനസ്സിലാക്കിയാലും അത് പിന്നീട് മറന്ന് പോകുന്നു. സ്വയത്തെ മറന്ന്, മാതാ–പിതാവിനെ മറന്ന് സമ്പത്ത് നഷ്ടപ്പെടുത്തുന്നു. ഇത് യുദ്ധ സ്ഥലമാണ്. നിങ്ങൾ ഈ സമയം മായയുടെ മേൽ വിജയം നേടുന്നതിന് വേണ്ടി യുദ്ധ മൈതാനത്ത് നിൽക്കുകയാണ്. ഏത് വരെ അന്തിമം വരുന്നില്ലയോ അതുവരെയും യുദ്ധം നടന്നുകൊണ്ടിരിക്കും. മറ്റു യുദ്ധം നടത്തുന്നവർക്കുമറിയാം, അഥവാ അവർ വിചാരിച്ചാൽ *സെക്കന്റിൽ* എല്ലാവരെയും ഇല്ലാതാക്കു വാൻ സാധിക്കുമെന്ന്. ഇപ്പോൾ എല്ലാവർക്കും ആയുധങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. കടം കൊടുത്തുകൊണ്ടിരിക്കുന്നു. അഥവാ ആരെങ്കിലും വധിക്കപ്പെടുകയാണെങ്കിൽ കടം കൊടുക്കുന്നത് നിർത്തലാക്കും. ബാബയും പത്രം വായിക്കാറുണ്ട്. കുട്ടികൾക്കും പത്രം വായിച്ച് അതിലൂടെ സേവനം ചെയ്യണം. ബ്രഹ്മാബാബയോട് ചോദിക്കണം ബാബ അങ്ങ് അധികാരിയല്ലേ പിന്നെന്തിനാണ് *റേഡിയോ* കേൾക്കുന്നത്? കുട്ടികളേ അധികാരി ശിവബാബയാണ്, വായുമണ്ഢലം എങ്ങനെയാണെന്ന് ഞാനെങ്ങനെ അറിയും! യുദ്ധത്തിന്റെ പ്രഭാവം എവിടെ വരെയുണ്ട്! ഈ സമയം പൊള്ളത്തരങ്ങൾ ധാരാളമുണ്ട്. സദാചാര കമ്മറ്റികളെല്ലാം ഉണ്ടാക്കുന്നുണ്ട്. അവർക്ക് എഴുതണം ഈ ലോകം തന്നെ ഭ്രഷ്ഠാചാരിയാണ്. ഇവിടെ ആർക്കെങ്കിലും സദാചാരിയാകാൻ എങ്ങനെ സാധിക്കും. ഭ്രഷ്ഠാചാരിയെന്ന് വികാരിയെയാണ് പറയുന്നത്. ഈ കാര്യങ്ങൾ നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയൂ. കുട്ടികളിലും *നമ്പർവൈസാണ്.* നിങ്ങൾ എല്ലാവരോടും ചോദിക്കൂ പരംപിതാ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്?

ഏതുപോലെയാണോ ക്രിസ്ത്യാനികൾക്ക് ക്രിസ്തു ഇന്ന സമയത്ത് ജന്മമെടുത്തു എന്നെല്ലാം അറിയുന്നത്. ശരി അവർക്കും മുൻപെ ആരായിരുന്നു? ലക്ഷ്മീ-നാരായണൻ രാജ്യം ഭരിച്ചിട്ട് എത്ര കാലമായി. ഈ സമയം ആദി സനാതന ധർമ്മത്തിലുള്ളവർ തന്നെയാണ് ധർമ്മ ഭ്രഷ്ഠരും കർമ്മ ഭ്രഷ്ഠരുമായിരിക്കുന്നത്. ശാസ്ത്രങ്ങളിൽ തന്നെയാണ് ലക്ഷക്കണക്കിന് വർഷങ്ങളെന്ന് പറഞ്ഞിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ ഉണർന്നിരിക്കുന്നു ഇനി മറ്റുള്ളവവെയും ഉണർത്തണം.

നിങ്ങൾക്കറിയാം ശിവബാബ നമ്മുടെ പിതാവാണ്. പ്രജാപിതാ ബ്രഹ്മാവും ജഗദംബയും നമ്മുടെ മാതാ-പിതാവാണ്. പിന്നീട് ലക്ഷ്മീ-നാരായണന് സത്യയുഗത്തിന്റെ സമ്പത്ത് എവിടെ നിന്നാണ് ലഭിച്ചത്? അയ്യായിരം വർഷങ്ങൾ മുമ്പ് ലഭിച്ചിരുന്നു, ഇപ്പോൾ വീണ്ടും നേടിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ചരിത്രം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എങ്ങനെ എല്ലാവർക്കും ബാബയുടെ സന്ദേശം നൽകും! എന്താ വീടു-വീടുകളിൽ വിളംബരം നടത്തുമോ! ശരി *ബോർഡ്* വയ്ക്കാൻ നിങ്ങൾക്ക് സാധിക്കും. എന്തുകൊണ്ടെന്നാൽ നിങ്ങളാണ് *മാസ്റ്റർ* അവിനാശീ *സർജൻ.* പരംപിതാ പരമാത്മാവ് നിരാകാരനാണ്. ശിവബാബ ഏത് ശരീരത്തിലാണ് ജന്മമെടുത്തത്! ഇപ്പോൾ ഇതാർക്കും അറിയില്ല. കൃഷ്ണന്റെ ശരീരത്തിൽ പ്രവേശിച്ചു എന്നും പറയാൻ സാധിക്കില്ല. ബാബ നമ്മുടെ അച്ഛനും *ടീച്ചറുമാണെന്ന്* നിങ്ങളും *നമ്പർവൈസായാണ്* അറിയുന്നത്. നമുക്ക് വളരെ നല്ല പഠിപ്പ് നൽകിക്കൊണ്ടിരിക്കുന്നു. ബാബ വീണ്ടും കൽപത്തിന് ശേഷം വന്നിരിക്കുന്നു. മനസ്സിലാക്കുന്നുണ്ട് പക്കാ നിശ്ചയവുമുണ്ട് എന്നാൽ പിന്നീട് വീട്ടിലേക്ക് പോകുമ്പോൾ തന്നെ ലഹരിയെല്ലാം ഇറങ്ങുന്നു. ഗൃഹസ്ഥത്തിൽ ഇരുന്നു കൊണ്ടും ജോലി വേലകളിൽ മുഴുകിയും എത്രത്തോളം ലഹരിയുണ്ടായിരിന്നു, ഇത് തീർച്ചയായും ബാബയ്ക്ക് എഴുതണം. എന്നാൽ കുട്ടികൾ ബാബയ്ക്ക് പൂർണ്ണായ വാർത്ത നൽകുന്നില്ല. നിങ്ങൾ കുട്ടികൾക്ക് ബാബയെ പൂർണ്ണമായും അറിയാമെങ്കിൽ ബാബയ്ക്കും നിങ്ങളുടെ കാര്യങ്ങൾ പൂർണ്ണമായും അറിയണം. ബാബ നിങ്ങളുടെ ദാതാവാണെങ്കിൽ ബാബയ്ക്ക് നിങ്ങളുടെ സ്വഭാവത്തിന്റെയും സമ്പാദ്യത്തിന്റെയും പൂർണ്ണമായ വിവരവുണ്ടായിരിക്കണം, അപ്പോഴാണ് നിർദ്ദേശം നൽകുക. നിങ്ങൾ പറയും ശിവബാബ അന്തർയാമിയാണെന്ന്, എന്നാൽ ഈ ബ്രഹ്മാവ് എങ്ങനെ അറിയും. ചിലർ ബാബയുടെ മുന്നിലേക്കേ വരാറില്ല, അതിനാൽ മനസ്സിലാക്കുന്നു ഇത് രണ്ടാനമ്മയുടെ കുട്ടിയാണ്, എങ്കിൽ രാജപദവിയുടെ സമ്പത്ത് നേടാനും സാധിക്കില്ല. ശ്രീമത്തിലൂടെ നടക്കണമെങ്കിൽ പൂർണ്ണമായ വിവരം നൽകണം. കുട്ടികൾ ബാബയുടെ എല്ലാം തന്നെ അറിയുന്നു. അപ്പോൾ ബാബയ്ക്കും വാർത്തകൾ നൽകണം. ഇതാണ് നമ്മുടെ ആത്മീയ ഗൃഹസ്ഥ വ്യവഹാരത്തിന്റെ സംബന്ധം.

ഇതാണ് ആത്മീയ ഈശ്വരീയ പരിവാരം. പരമാത്മാവുമായി എല്ലാ ആത്മാക്കൾക്കും സംബന്ധമില്ലേ. എല്ലാവരോടും ഈ ചോദ്യം ചോദിക്കൂ നിങ്ങൾക്ക് ഈ ലക്ഷ്മീ-നാരായണനെ അറിയുമോ, പരംപിതാ പരമാത്മാവിനെ അറിയുമോ? നിങ്ങൾക്ക് സത്യയുഗീ ശ്രേഷ്ഠാചാരീ ദേവതകളെ അറിയുമോ? നിങ്ങൾക്ക് എഴുതാൻ സാധിക്കും ഈ എല്ലാ കാര്യങ്ങളും അറിയുന്നതിലൂടെ നിങ്ങൾക്ക് ശ്രേഷ്ഠാചാരിയാകാൻ സാധിക്കും, അല്ലെങ്കിൽ ഒരിക്കലുമാകാനും സാധിക്കില്ല. ഇങ്ങനെയിങ്ങനെ സേവനം ചെയ്യുന്നതിലൂടെ നിങ്ങൾക്ക് ഉയർന്ന പദവി നേടാൻ സാധിക്കും. ഭ്രഷ്ഠാചാരിയെ ശ്രേഷ്ഠാചാരിയാക്കുക - ഇതാണ് നിങ്ങളുടെ ജോലി. എങ്കിൽ എന്തുകൊണ്ട് *ബോർഡ്* വയ്ക്കുന്നില്ല! സ്ത്രീയും-പുരുഷനും രണ്ട് പേർക്കും ഈ സേവനമായിരിക്കണം. ബാബ നിർദ്ദേശം നൽകുന്നു എന്നാൽ കുട്ടികൾ വീണ്ടും മറക്കുന്നു, തന്റെ തന്നെ കാര്യങ്ങളിൽ മുഴുകുന്നു. ഏതൊരു സേവനമാണോ ചെയ്യേണ്ടത് അത് ചെയ്യുന്നില്ല. പൂർണ്ണമായ വാർത്തയും നൽകുന്നില്ല, *ബോർഡും* വയ്ക്കുന്നില്ല. *ബോർഡ്* വയ്ക്കുന്നില്ല, സേവനവും ചെയ്യുന്നില്ലെങ്കിൽ വളരെയധികം ദേഹ-അഭിമാനമുണ്ടെന്ന് മനസ്സിലാക്കും. മുരളി എല്ലാവരും കേൾക്കുന്നുണ്ട്. ബാബ എന്താണ് പറയുന്നതെന്നും അതുപോലെത്തന്നെ അനേകം നിർദ്ദേശങ്ങൾ അതിൽ ലഭിക്കുന്നുണ്ട്. പ്രദർശിനിക്കായി ബാബ പറയുന്നു കുട്ടികളേ വേനൽക്കാലമാണെങ്കിൽ പർവ്വതത്തിൽ പോയി അതിന്റെ തയ്യാറെടുപ്പുകൾ നടത്തൂ. ഇനി നോക്കാം ഞങ്ങൾക്കിത് ചെയ്യാൻ സാധിക്കുമെന്ന വാർത്ത എവിടെ നിന്നാണ് വരുന്നതെന്ന്. അറിവുണ്ടെങ്കിൽ പോയി *ഹാളുകളോ* ധർമ്മശാലകളോ എടുത്ത് സംവിധാനങ്ങൾ ഒരുക്കണം, എങ്കിൽ ധാരാളം പേർക്ക് സന്ദേശം ലഭിക്കും. ഇവിടെയും *ഈ ബോർഡ്* വച്ചിട്ടുണ്ട് ജ്ഞാന സാഗരനും പതിത-പാവനനും നിരാകാരനുമായ പരമാത്മാവുമായി നിങ്ങൾക്ക് എന്ത് സംബന്ധമാണുള്ളത്? അവർ എന്താണ് നൽകുന്നത്? തീർച്ചയായും വിശ്വത്തിന്റെ അധികാരിയാക്കി മാറ്റും. തീർത്തും നിങ്ങളിപ്പോൾ ആയിക്കൊണ്ടിരിക്കുകയാണ്. കൽപം മുൻപും ആയിട്ടുണ്ട്. നിങ്ങൾ ഈ *ബോഡ്* എഴുതി വയക്കൂ എങ്കിൽ മറ്റെല്ലാ ചോദ്യങ്ങളും ഇല്ലാതാകും. ലക്ഷ്മീ-നാരായണന് വിശ്വാധികാരത്തിന്റെ സമ്പത്ത് എങ്ങനെയാണ് ലഭിച്ചത്? ചോദിക്കുന്നവർക്ക് തീർച്ചയായും അറിവുണ്ടായിരിക്കുമല്ലോ. അഥവാ ഇത്രയും സേവനമെങ്കിലും ചെയ്യുന്നില്ലെങ്കിൽ എങ്ങനെ സിംഹാസനത്തിൽ ഇരിക്കും. ഇത് നരനിൽ നിന്ന് നാരായണനാകുന്നതിനുള്ള

രാജയോഗമാണ്. പ്രജയാകുന്നതിന്റെയല്ല. എന്താ നിങ്ങളിവിടെ പ്രജയാകാനാണോ വന്നത്? ബാബയ്ക്ക് വാർത്തകൾ വരികയാണെങ്കിൽ ഇവർ സേവനം ചെയ്തുകൊണ്ടിരിക്കുന്നുണ്ടെന്ന് ബാബ മനസ്സിലാക്കും. വീട്ടിലെ വാർത്തയും, സേവനത്തിന്റെ വാർത്തയും ഒന്നും നൽകുന്നില്ലെങ്കിൽ, ഇവർ വിജയമാലയിൽ വരുമോ എന്ന് എങ്ങനെ മനസ്സിലാക്കാൻ സാധിക്കും. നിശ്ചയബുദ്ധി വിജയന്തി, സംശയബുദ്ധി വിനശന്തി.

നിങ്ങൾക്കറിയാം ഇപ്പോൾ നമ്മുടെ രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ആ രാജധാനിയിൽ ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം നിങ്ങൾ കുട്ടികൾക്ക് ചെയ്യണം. എന്നാൽ ചിലരുടെ ഭാഗ്യത്തിലില്ലെങ്കിൽ *ടീച്ചർക്ക്* എന്ത് ചെയ്യാൻ സാധിക്കും. നിങ്ങൾ തന്നെ ഇങ്ങനെയുള്ള മോശം കർമ്മം ചെയ്തു, അത് നിങ്ങൾക്ക് തന്നെ അനുഭവിക്കേണ്ടി വരും. മമ്മ നല്ല കർമ്മം ചെയ്തിട്ടുണ്ട് അതുകൊണ്ട് എത്ര ശ്രദ്ധയോടെയാണ് മമ്മ ഉയർന്ന പദവി നേടുന്നതിനുള്ള പുരുഷാർത്ഥം ചെയ്തത്. നിങ്ങൾ കുട്ടികൾക്ക് ഏതവസ്ഥയിലും നന്നായി പുരുഷാർത്ഥം ചെയ്യണം. ബാബ നിർദ്ദേശം നൽകിയിട്ടുണ്ട് – *ബോർഡുണ്ടാക്കി* വയ്ക്കണം അതുപോലെ ചെറിയ ചെറിയ *നോട്ടീസുകളുണ്ടാക്കി* വിതരണം ചെയ്യണം അതായത് ഈ ലക്ഷ്മീ-നാരായണനെ അറിയുന്നതിലൂടെ നിങ്ങളും ഈ ശ്രേഷ്ഠാചാരീ ദേവതയായി മാറും. ശുഭ കാര്യത്തിന് സമയമെടുക്കരുത്. നിങ്ങൾ മധുര-മധുരമായ കുട്ടികൾക്ക് വളരെയധികം സേവനം ചെയ്യണം. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും അദ്ഭുതം ചെയ്ത് കാണിക്കണം. ഒരിക്കലും ഉപേക്ഷിക്കുന്നതിനെക്കുറിച്ച് ചിന്തിക്കരുത്. നിങ്ങൾക്കറിയാം ബാബ നമ്മളെ ബ്രഹ്മാവിലൂടെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ശിവബാബ ഭാരതത്തിലാണ് വന്നതെങ്കിൽ എന്താ നിരാകാരനാണോ വന്നത്? എങ്ങനെയാണ് വന്നത്, എന്താണ് ചെയ്തത്? ആർക്കും അറിയില്ല. ശിവരാത്രി ആഘോഷിക്കുന്നുണ്ട്, എന്നാൽ അൽപം പോലും അറിവില്ല. പരമാത്മാവ് വരുന്നത് തന്നെ പാവനമാക്കുന്നതിന് വേണ്ടിയാണ്.

ബാബ പറയുന്നു ഏതെങ്കിലും കാര്യത്തിൽ സംശയമുണ്ടെങ്കിൽ ചോദിക്കൂ ബാബാ എനിക്ക് ഈ കാര്യം മനസ്സിലാകുന്നില്ല, 84 ജന്മങ്ങളുടെ രഹസ്യവും മനസ്സിലാക്കി തന്നിട്ടുണ്ട്. വർണ്ണങ്ങളിലും വരണം. നിങ്ങളിത് ധാരണ ചെയ്യുന്നു. തീർത്തും നമ്മൾ 84 ജന്മങ്ങൾ പ്രാപ്തമാക്കിയിട്ടുണ്ട്. ഇപ്പോൾ വീണ്ടും നമ്മൾ സൂര്യവംശിയാകുന്നു. ആരെത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ അത്രയും ഉയർന്ന പദവി നേടും. എത്ര സരളമായ കാര്യമാണ്, എന്നിട്ടും ബുദ്ധിയിലിരിക്കുന്നില്ല എങ്കിൽ വന്ന് ചോദിക്കൂ – ബാബ എനിക്ക് ഈ കാര്യത്തിൽ സംശയമുണ്ട്. ഏറ്റവും ആദ്യം അള്ളാഹുവിന്റെ പരിചയം നൽകണം. ഈ *ബോർഡ്* എല്ലാവരും വയ്ക്കണം, ഈ ജ്ഞാനത്തിലൂടെ നിങ്ങൾ സദാ സുഖിയും, ശ്രേഷ്ഠാചാരിയുമാകുന്നുവെങ്കിൽ ഇത് നല്ലതല്ലേ. പ്രേരണയുണ്ടാകും – എന്തുകൊണ്ട് ഈ കാര്യം പോയി മനസ്സിലാക്കികൂടാ. സേവനത്തിലൂടെ ബാബ മനസ്സിലാക്കും ആരാരെല്ലാമാണ് സത്യമായ കുട്ടികൾ, ആരാണോ ശ്രദ്ധ നൽകുന്നത് – അവരാണ് മാലയിലെ മുത്താകുന്നത്. ചെയ്ത് കാണിക്കണം. നിങ്ങൾ പ്രത്യക്ഷത്തിൽ മുന്നിലിരുന്ന് കേട്ടുകൊണ്ടിരിക്കുന്നു. ബാക്കി കുട്ടികൾ മുരളിയിലൂടെ കേൾക്കും. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. പരമാത്മാവ് അച്ഛനുമാണ് പിന്നീട് പതിതത്തിൽ നിന്ന് പാവനമാക്കി കൊണ്ട് പോകുകയും ചെയ്യുന്നു അപ്പോൾ ഗുരുവുമായി. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം അധ്യാപകനായി പഠിപ്പിക്കുകയും ചെയ്യുന്നു അപ്പോൾ മൂന്നുമായി. എന്നാൽ ധാരാളം കുട്ടികൾ മറന്ന് പോകുന്നു. ബുദ്ധിയിൽ നിന്ന് ആ ലഹരി ഇല്ലാതാകുന്നു. അല്ലെങ്കിൽ സ്ഥായിയായ സന്തോഷം ഉണ്ടായിരിക്കണം. ശരി–

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1) വിജയ മാലയിലെ മുത്താകുന്നതിന് വേണ്ടി തന്റെ മേൽ പരിപൂർണ്ണ ശ്രദ്ധ നൽകണം. ശ്രേഷ്ഠാചാരിയാകുന്നതിന്റെയും ആക്കുന്നതിന്റെയും സേവനം ചെയ്യണം.

2) ശിക്ഷ അനുഭവിക്കേണ്ടി വരുന്ന തരത്തിലുള്ള ഒരു മോശമായ കർമ്മവും ചെയ്യരുത്. ഓരോ ചുവടും ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കണം.

## വരദാനം:– തന്റെ ആകർഷണമയ സ്ഥിതിയിലൂടെ സർവ്വരെയും ആകർഷിക്കുന്ന ആത്മീയ സേവാധാരിയായി ഭവിക്കൂ

ആത്മീയ സേവാധാരിക്ക് ഒരിക്കലും ഇങ്ങനെ ചിന്തിക്കാൻ സാധിക്കില്ല, സേവനത്തിൽ വൃദ്ധി ഉണ്ടാകുന്നില്ല അല്ലെങ്കിൽ കേൾക്കുന്നവരെ ലഭിക്കുന്നില്ല. കേൾക്കുന്നവർ ധാരാളമുണ്ട് കേവലം താങ്കൾ താങ്കളുടെ സ്ഥിതി ആത്മീയ ആകർഷണമയമാക്കൂ. കാന്തത്തിന് തന്നിലേക്ക് ആകർഷിക്കാമെങ്കിൽ എന്താ താങ്കളുടെ ആത്മീയ ശക്തിക്ക് ആത്മാക്കളെ ആകർഷിക്കാൻ സാധിക്കില്ലേ! അതുകൊണ്ട് ആത്മീയ ആകർഷണം നടത്തുന്ന കാന്തമാകൂ അതിലടെ ആത്മാക്കൾ സ്വതവേ ആകർഷിതരായി താങ്കളുടെ മുന്നിൽ വരണം, ഇതാണ് താങ്കൾ ആത്മീയ സേവാധാരി കുട്ടികളുടെ സേവനം.

## സ്ലോഗൻ:– സമാധാന സ്വരൂപമാകണമെങ്കിൽ എല്ലാവർക്കും സ്നേഹവും ബഹുമാനവും നൽകൂ.

**മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം –**
**“പരമാത്മാവ് ഓന്നാണ് ബാക്കി സർവ്വരും മനുഷ്യ ആത്മാക്കളാണ് ”**

ഇപ്പോൾ ഇത് മുഴുവൻ ലോകത്തിനുമറിയാം പരമാത്മാവ് ഒന്നാണ്, സർവ്വശക്തിവാനാണ്, എല്ലാമറിയുന്നവനാണ്, ഇങ്ങനെ മുഴുവൻ ലോകവും സ്വയം തന്നെ പറയുന്നുണ്ട് നമ്മൾ പരമാത്മാവിന്റെ സന്താനങ്ങളാണ്. പരമാത്മാവ് ഒന്നാണ്, ഇനി ഏത് ധർമ്മത്തിലുള്ളവരാകട്ടെ അവരും പരമാത്മാവിനെ അംഗീകരിക്കുന്നുണ്ട്. അവരും സ്വയത്തെ പരമാത്മാവിനാൽ അയക്കപ്പെട്ട സന്ദേശവാഹകരെന്ന് മനസ്സിലാക്കുന്നു, ഇങ്ങനെ തന്നെ സന്ദേശമെടുത്ത് അവരവരുടെ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ഏതുപോലെയാണോ ഗുരുനാനാക്കും പരമാത്മാവിന്റെ ഇത്രയും മഹിമ ചെയ്തത് ഇത്രയും മഹിമ ചെയ്തിട്ടുണ്ട്, ഒരു ഓംങ്കാരം സത്യ നാമം. ഒരു ഓംങ്കാരം എന്നതിന്റെ അർത്ഥമാണ് പരമാത്മാവ് ഒന്നുമാത്രമാണ്. സത്യ നാമത്തിന്റെ അർത്ഥമാണ് പരമാത്മാവിന്റെ പേര് സത്യമാണ് അപ്പോൾ പരമാത്മാവ് പേരും രൂപവും ഉള്ള ആളുമാണ്, അവിനാശിയാണ്, അകാലമൂർത്തിയുമാണ് പിന്നീട് കർമ്മം ചെയ്യുന്ന പുരുഷനുമാണ് അർത്ഥം പരമാത്മാവ് സ്വയം അകർത്താവായിക്കൊണ്ടും എങ്ങനെയാണ് ബ്രഹ്മാ ശരീത്തിലൂടെ കർമ്മം ചെയ്യുന്ന പുരുഷനാകുന്നത്. ഈ എല്ലാ മഹിമകളും ഒരു പരമാത്മാവിന്റേതാണ്, മനുഷ്യർ ഇത്രയും മനസ്സിലാക്കിയിട്ടും വീണ്ടും പറയുന്നു ഈശ്വരൻ സർവ്വത്രയുണ്ട്. ഞാൻ ആത്മാവ് തന്നെയാണ് പരമാത്മാവ്, അഥവാ എല്ലാവരും പരമാത്മാവാകുകയാണെങ്കിൽ പിന്നീട് ഒരു ഓംങ്കാരം.... ഈ മഹിമ ഏത് പരമാത്മാവിന്റേതാണ് ചെയ്യുന്നത്? ഇതിൽ നിന്ന് വ്യക്തമാകുന്നത് പരമാത്മാവ് ഏകനാണ്. ശരി – ഓം ശാന്തി.